# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1813
## 04.05.2017- ലെ മറുപടിക്ക്

## ആസ്തിവികസന ഫണ്ട്

| ചോദ്യം<br>**ശ്രീ.എ.കെ.ശശീന്ദ്രൻ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| (എ) എലത്തൂർ നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവ എത്രയെന്ന് വെളിപ്പെടുത്താമോ ; | എലത്തൂർ നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ ഏലത്തൂർ നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം (42.65 ലക്ഷം രൂപ) എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് ആയത് ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ? | ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും അനുബന്ധരേഖകളും സമയബന്ധിതമായി ഭരണവകുപ്പുകളിൽ ലഭ്യമാകാത്തതാണ് കാലതാമസത്തിന് കാരണം. ഇവ ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി ഉചിതമായ തലത്തിലുള്ള ശുപാർശയോടെ ഭരണവകുപ്പ് വഴി സമർപ്പിച്ച് ഭരണാനുമതിയ്ക്കുള്ള ധനാനുമതി വാങ്ങേണ്ടതാണ്. |

സെക്ഷൻ ഓഫീസർ